# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താ ജാലകം

09
ചൊവ്വ
മാർച്ച് 2021

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം പ്രസിദ്ധീകരണം

പ്രിയ നാട്ടുകാരെ, അങ്ങാടിക്കടവ് ഡോൺബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ ജേർണലിസം വിഭാഗം മാധ്യമ ലോകത്തിലേക്ക് പുതിയ ഒരു സംരംഭവുമായി ചുവടു വയ്ക്കുകയാണ്. അങ്ങാടിക്കടവ് എന്ന് ഗ്രാമത്തിന്റെ കാണാക്കാഴ്ചകളിലേക്ക് ജാലകം തുറന്നിടുന്ന ഒരു പത്രം. 'അങ്ങാടി പത്രം'- 'നമ്മുടെ നാടിന്റെ വാർത്താജാലകം'. ഈ എളിയ പത്രത്തെ നമ്മുടെ നാടിന്റെ സ്വന്തം പത്രമായി, നിങ്ങളുടെ ശബ്ദമായി ഏറ്റെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചീഫ് എഡിറ്റർ
ഫാ. ബാസ്റ്റിൻ നെല്ലിശ്ശേരി

# സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകി അയ്യൻകുന്ന് പഞ്ചായത്ത്

അഭിറാം കെ. കെ

അങ്ങാടിക്കടവ്: സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി നൂതന പദ്ധതികൾ ആവിഷ്കരിച്ച് അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന്റെ പുതിയ ഭരണസമിതി. ഷീ- ടാക്സി, വനിതസംരംഭക പരിശീലനം, ആഴ്ചചന്ത എന്നീ പദ്ധതികളാണ് പ്രസിഡന്റ് കുരിയാച്ചൻ പൈമ്പള്ളിക്കുന്നേലിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്യുന്നത്.

പഞ്ചായത്തിലെ കർഷകർക്ക് അവരുത്പാദിപ്പിക്കുന്ന മൂല്യവർധിത ഉത്പന്നങ്ങൾ വിൽക്കുവാൻ ആഴ്ചചന്തകൾ ഉപകരിക്കും. കുടുംബശ്രീയുടെ നേതൃത്വത്തിൽ നടന്നുവരുന്ന പദ്ധതി പഞ്ചായത്തിലെ കർഷകർക്ക് വളരെ സഹായകരമാണ്. കർഷകർ ഉത്പാദിപ്പിക്കുന്നതിന് പുറമെ പുറത്തുനിന്നുള്ള ഉത്പന്നങ്ങൾ വാങ്ങി ആഴ്ചചന്തയിലുടെ വിൽക്കും. ആഴ്ചചന്ത എന്നുള്ളത് ദിവസചന്തയാക്കുവാനും ആലോചനയുണ്ട്. അതിലൂടെ മിച്ചം വരുന്ന സാധനങ്ങൾ അടുത്ത ദിവസം ചന്തയിൽ വിൽക്കുവാൻ സാധിക്കും.

പഞ്ചായത്തിന്റെ കീഴിൽ കാര്യക്ഷമമായി മുന്നോട്ട് പോകുന്ന മറ്റൊരു പദ്ധതിയാണ് കോഴിയും കോഴിക്കൂടും നൽകുന്ന പദ്ധതി.



അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുരിയാച്ചൻ പൈമ്പള്ളിക്കുന്നേൽ

മുട്ട ഉത്പാദനത്തിലൂടെ ഒരുപാട് സ്ത്രീകൾക്ക് വരുമാന മാർഗ്ഗം കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. പകുതി സബ്സിഡിയിലൂടെയാണ് കോഴിയും കോഴിക്കൂടും ആവശ്യക്കാർക്ക് നൽകുന്നത്. സ്ത്രീകൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുവാനുള്ള ക്ലാസുകളും പഞ്ചായത്തിൽ നിന്നും നൽകുന്നുണ്ട്. സമൂഹത്തിലെ സാമ്പത്തികമായി താഴ്ന്ന നിലയിലുള്ള സ്ത്രീകളെ കണ്ടെത്തി ഓട്ടോറിക്ഷ നൽകുന്നതിനുള്ള പഞ്ചായത്തിന്റെ വരുംകാല പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകികൊണ്ട് ചക്ക, കശുമാവ് എന്നീ കാർഷിക ഉത്പന്നങ്ങളുടെ മൂല്യം വർധിപ്പിക്കാൻ ആവശ്യമായ കര്യങ്ങൾ നടപ്പാക്കുകയും കൂടാതെ പെൺകുട്ടികളുടെ സുരക്ഷയെ മുൻനിർത്തിയുള്ള പദ്ധതികൾ ആലോചനയിലുണ്ട് പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

നിലവിൽ അയ്യൻകുന്ന് പഞ്ചായത്തിലെ 16 വാർഡുകളിൽ 9 വാർഡുകളിലും വനിതാ പ്രതിനിധികളാണ് മെമ്പർമാരായിരിക്കുന്നത്. പലമേഖലകളിലെ സ്ത്രീകളുടെ മുന്നേറ്റം സ്ത്രീ ശാക്തീകരണത്തിനുള്ള ഉത്തമ ഉദാഹരണമാണെന്ന് അയ്യൻകുന്ന് പഞ്ചായത്ത് വികസനക്കാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ മിനി വിശ്വനാഥൻ അഭിപ്രായപ്പെട്ടു.

## ഗ്രാമീണ സ്ത്രീകൾക്കായി സംരഭകത്വ പരിശീലനം

തൊവിത്തോ

അങ്ങാടിക്കടവ് : ഡോൺ ബോസ്കോ കോളേജ് അങ്ങാടിക്കടവ് സോഷ്യൽ വർക്ക് വകുപ്പിന്റെ വിജ്ഞാനവ്യാപന ശാഖ 'ദിശ'യുടെ നേതൃത്വത്തിൽ ഇരിട്ടി താലൂക്കിലെ ഗ്രാമീണ സ്ത്രീകളുടെ ശാക്തീകരണത്തിനായി സംരംഭകത്വ പരിശീലനം നടത്തി. സ്ത്രീ ശാക്തീകരണം സംരംഭകത്തിലൂടെയുള്ള ഉപജീവനം എന്ന ലക്ഷ്യത്തോടെ ബാംഗ്ലൂർ എഡ്യൂക്കേഷൻ ആൻഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി (BREADS) മുന്നോട്ട് വച്ച പദ്ധതിയാണ് വീ-ലിവ് പദ്ധതി. അങ്ങാടിക്കടവ് കേന്ദ്രീകരിച്ച് നടത്തിയ പദ്ധതിയുടെ ഒന്നാം ക്ലസ്റ്റർ അയ്യംകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുരിയാച്ചൻ പൈമ്പള്ളിക്കുന്നേൽ ഡോൺ ബോസ്കോ കോളേജിൽ ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന പരിശീലന പരിപാടിയിൽ 30 സ്ത്രീകൾ പങ്കെടുത്തു. രണ്ടാം ക്ലസ്റ്റർ കിളിയന്തറ സെന്റ് മേരീസ് ചർച്ച് ഹാളിൽ ഇരിട്ടി ബ്ലോക് പഞ്ചായത്ത് പ്രസിഡന്റ് കെ വേലായുധൻ നിർവഹിച്ചു. 55 സ്ത്രീകൾ പരിശീലനത്തിൽ പങ്കെടുത്തു. ഫാ. ഡോ. കെ ഒ തോമസ്, ഫാ . മാത്യു പോത്തനാമല, പി എം പത്രോസ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## എന്തിന് ഈ വനിതാദിനം?

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വ്യവസായിക വളർച്ചയിലേക്ക് കാലൂന്നിയിരുന്ന പല രാജ്യങ്ങളിലും കുറഞ്ഞ വേതനത്തിലും മോശപ്പെട്ട തൊഴിൽ ചുറ്റുപാടിലും ജീവിക്കേണ്ടിവന്ന സ്ത്രീകളുടെ കരളുറപ്പിന്റെ അനുസ്മരണമാണ് 'അന്താരാഷ്ട്ര വനിതാ ദിനം' എന്ന ആശയത്തിന് പാതയൊരുക്കിയത്. 1857 മാർച്ച് 8 ന് ന്യൂയോർക്കിലെ വനിതകൾ നടത്തിയ സമരവും പ്രക്ഷോഭവുമായിരുന്നു ആദ്യ വനിത ദിനം. നൂറ്റമ്പതിലേറെ വർഷങ്ങളായി വനിതാദിനം ആചരിക്കാൻ തുടങ്ങിയിട്ട്, ദിനാചരണത്തോട് ചേർത്തു വായിക്കേണ്ട ഒന്നാണ് സ്ത്രീ ശാക്തീകരണത്തിൽ നമ്മൾ ഒരിടത്തും എത്തിയിട്ടില്ല എന്നത്. കേവലമൊരു ദിവസത്തേക്ക് മാത്രമായി ചുരുങ്ങുന്ന വനിതാ ദിനാഘോഷങ്ങളേക്കാൾ അവൾ എന്നും ആദരിക്കപ്പെടേണ്ടവളും ബഹുമാനിക്കപ്പെടേണ്ടവളുമാണ് എന്ന തിരിച്ചറിവിലേക്ക് കണ്ണുകൾ തുറക്കപ്പെടാൻ സാധിക്കട്ടെ.

ഹെലൻ കെല്ലർ, മലാല യൂസഫ്സായ്, ഫ്ളോറൻസ് നൈറ്റിൻഗേൽ, മേരി ക്യൂറി ലോക ചരിത്രത്തിൽ സ്വന്തം പേരുകൾ അടയാളപ്പെടുത്തിയ സ്ത്രീരത്നങ്ങളുടെ നീണ്ട നിര തന്നെയുണ്ട് നമ്മുടെ മുന്നിൽ. എങ്കിലും ഇന്നും സ്ത്രീ അംഗീകരിക്കപ്പെടാത്ത ആദരിക്കപ്പെടാത്ത ഇടങ്ങളുണ്ട് എന്നത് വേദനാജനകമാണ്.

എന്റെയല്ല...അവളുടെ ആകാശങ്ങളിൽ...അവളുടെ സ്വപ്നങ്ങളുമായി... അവളുടെ ചിറകുകളാൽ...അവൾ പറന്നുയരട്ടെ....

എഡിറ്റർ

## ട്വന്റി ട്വന്റി

അമേയ പി. വി.

അങ്ങാടിക്കടവ്: 20 രൂപയ്ക്കൊരു ഊണ്, 20 വർഷത്തെ സേവന പാരമ്പര്യം. മിതമായ നിരക്കും പാരമ്പര്യവും ചേർത്തുവെച്ചാൽ ഇതൊരു 20-20 ഹോട്ടൽ.

2001-ൽ സ്ത്രീകളുടെ കൂട്ടായ്മയിൽ നിന്നും രൂപമെടുത്ത വനിതാ ഹോട്ടൽ കേരള സർക്കാരിന്റെ പദ്ധതി പ്രകാരം 2020-ൽ ജനകീയ ഹോട്ടലായി മാറ്റുകയായിരുന്നു. ചോറും സാമ്പാറും കൂട്ടുകറികളും അച്ചാറും കൂട്ടിയുള്ള ഊണ് 20 രൂപയ്ക്ക് വയറു നിറയെ കഴിക്കാം. ഊണിനു പുറമെ കപ്പ ബിരിയാണി, ചിക്കൻ ബിരിയാണി, പൊറോട്ട തുടങ്ങിയ വിഭവങ്ങളും ഇവിടെ ലഭ്യമാണ്. മിതമായ വിലയും സൗമ്യമായ പെരുമാറ്റവും സ്വാദേറിയ ഭക്ഷണവുമാണ് 20 വർഷത്തെ വിജയയാത്രയിൽ ഇവരുടെ മുതൽക്കൂട്ട്.

രാവിലെ ആറ് മണി മുതൽ രാത്രി എട്ട് മണി വരെയാണ് പ്രവർത്തനം. രമ വടവതി, രതി വടവതി, സുലോചന ആറ്റിങ്ങൽ, മോളി ജോസഫ് എന്നിവരാണ് പ്രധാന നടത്തിപ്പുകാർ. നിരവധി കഷ്ടപ്പാടുകൾ ഉണ്ടായിരുന്നുവെങ്കിലും തോറ്റു മടങ്ങാൻ ഇവർ തയ്യാറായിരുന്നില്ല. അതെല്ലാം സധൈര്യം ഒറ്റക്കെട്ടായി നേരിട്ടതാണ് വിജയരഹസ്യം. വീട്ടുകാരുടെ പൂർണ പിന്തുണ ഇവർക്ക് കൂടുതൽ കരുത്തേകുന്നു.

ജനകീയ ഹോട്ടൽ ആയി മാറ്റിയിട്ടും സർക്കാർ വാഗ്ദാനം ചെയ്ത സഹായങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. കോവിഡ് രൂക്ഷമായിരുന്ന സമയത്ത് കമ്മ്യൂണിറ്റി കിച്ചണിന്റെ ഭാഗമായി ഹോട്ടൽ പ്രവർത്തിച്ചിരുന്നു. പിന്നീട് ജനകീയ ഹോട്ടലാക്കി മാറ്റി. രണ്ട് ഘട്ടത്തിലും ഉത്തരവാദിത്തപ്പെട്ടവരിൽ നിന്നും കിട്ടേണ്ട സഹായങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല എന്ന സങ്കടത്തിലാണ് ഇതിന്റെ നടത്തിപ്പുകാർ.



ജനകീയഹോട്ടലിന്റെ സാരഥികൾ

## കുടുംബത്തിന്റെ 'ശ്രീ'

ജിഷ സുരേഷ്

അയ്യൻകുന്ന് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കുടുംബശ്രീ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് പഞ്ചായത്ത് പ്രസിഡന്റ് കുരിയാച്ചൻ പൈമ്പള്ളിക്കുന്നേൽ. കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന നിരവധി സംരംഭങ്ങൾ വളരെയേറെ ശ്രദ്ധ നേടിക്കഴിഞ്ഞു. അങ്ങാടിക്കടവിൽ സ്ഥിതി ചെയ്യുന്ന ജനകീയ വനിതാ ഹോട്ടൽ ഏറെ ജനപ്രീതി നേടിയ ഒന്നാണ്. കൂടാതെ കുടുംബശ്രീയുടെ കീഴിലുള്ള മറ്റു സംരഭങ്ങളായ പോഷകാഹാരനിർമാണ യൂണിറ്റ്, കഫെ, റെഡിമെയ്ഡ് യൂണിറ്റ് എന്നിവയും മികച്ച പ്രശംസ നേടി കഴിഞ്ഞു. ഇതിലൂടെ ഒരുപാട് സ്ത്രീകൾക്ക് വരുമാന മാർഗ്ഗം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി ഇനിയുംനിരവധി പദ്ധതികളും സഹായങ്ങളുംപഞ്ചായത്തിൽ നിന്ന് അനുവദിക്കും. കുടംബശ്രീ വഴി കർഷകർക്ക് നിരവധി ധനസഹായങ്ങൾ നൽകിവരുന്നുണ്ട്.

# കാക്കിക്കുള്ളിലെ പെൺകരുത്ത്

ക്രിസ്റ്റീൻ ലൂയിസ്

ഡോക്ടർ, നേഴ്സ്, അദ്ധ്യാപനം ഉൾപ്പെടെയുള്ള സർക്കാർ തസ്തികകളിൽ ജോലി ചെയ്യുന്ന പുതുതലമുറക്കാരിൽ നിന്നും തികച്ചും വ്യത്യസ്തയാവുകയാണ് സൗമ്യ ജെറിൻ. പെൺകുട്ടികളും വീട്ടുകാരും പൊതുവെ തിരഞ്ഞെടുക്കാൻ വിമുഖത കാണിക്കുന്ന സേവനമേഖലയയിലേക്കുള്ള കാൽവയ്പ്പാണ് സൗമ്യയെ വേറിട്ട പെൺകരുത്തിന് ഉടമയാക്കുന്നത്. . അങ്ങാടിക്കടവ് സ്വദേശിനിയായ സൗമ്യ ഇരിട്ടി പോലീസ് സ്റ്റേഷനിലെ വനിതാ പോലീസുകാരിയാണ്. ആറുവർഷത്തെ പോലീസ് സേവനം പൂർത്തിയാക്കുന്ന സൗമ്യ വനിതാ ദിനത്തിൽ 'അങ്ങാടിപത്ര' ത്തിന് നൽകിയ അഭിമുഖം.



സൗമ്യ ജെറിൻ

? ജോലിയും കുടുംബിനി/ഭാര്യ/അമ്മ / മകൾ എന്നീ നിലകളിലെ ഉത്തരവാദിത്തങ്ങളും തമ്മിൽ എപ്പോഴെങ്കിലും ഒരുമിച്ച് കൊണ്ടു പോകാനുള്ള ബുദ്ധിമുട്ടുകൾ?

കുടുംബവും ജോലിയും തമ്മിൽ ക്ലാഷ് ഉണ്ടാകാറില്ല. ജോലിയുടെ എല്ലാ ഭാരവും സ്റ്റേഷനിൽ ഇറക്കി വച്ചിട്ടാണ് വീട്ടിൽ വരുന്നത്. പിന്നെ വീടുമായി ഇഴുകി ചേരുന്നു. ഏതെങ്കിലും അടിയന്തര ഘട്ടങ്ങളിൽ വീട്ടുകാരെ പറഞ്ഞു ബോധ്യപ്പെടുത്തി ജോലിക്ക് പോകും. കുടുംബത്തിന്റെ ഉത്തരവാദിത്വമാണ് ഏറ്റവും പ്രധാനം. അവരുടെ പിന്തുണയുണ്ടെങ്കിലേ നമുക്ക് ജോലിക്ക് പോകാൻ പറ്റൂ. ഭർത്താവ് ജെറിൻ റിട്ടയേർഡ് ആർമി ഉദ്യോഗസ്ഥൻ, മക്കൾ റയാൻ, റിയാന, മാതാപിതാക്കളായ ജോസഫ് (ജോണി), റോസമ്മ എന്നിവരടങ്ങുന്ന എന്റെ കുടുംബം എനിക്ക് നല്ല പിന്തുണയാണ് നൽകുന്നത്.

? ഒരു പോലീസ് ഉദ്യോഗസ്ഥ എന്ന നിലയിൽ നാട്ടുകാരുടെ പ്രശ്നങ്ങളിൽ എത്രത്തോളം ഇടപെടാറുണ്ട് ?

നാട്ടുകാരുടെ പ്രശ്നങ്ങൾ എന്നതിനേക്കാൾ കൂടുതലായിട്ട് സ്റ്റേഷനിൽ വരുന്ന പ്രശ്നങ്ങളിലാണ് ഇടപെടാറുള്ളത്. വ്യക്തികളായി സംസാരിച്ചു ന്യായം നോക്കി ഒത്തുതീർപ്പ് നടത്തും. എല്ലാ പോലീസ് സ്റ്റേഷനിലും ഒരു പരാതി പരിഹാര സെൽ ഉണ്ട്. പബ്ലിക് റിലേഷന്റെ ഭാഗമായുള്ള ഹെൽപ്പ് ഡെസ്ക് ആണിത്. സ്റ്റേഷനിൽ വരുന്ന എല്ലാ പരാതികളും ആദ്യം കൈകാര്യം ചെയ്യുന്നത് ഇവിടെയാണ്. ഇരിട്ടി സ്റ്റേഷനിലെ അസിസ്റ്റൻറ് പിആർഒ ആയിട്ടുകൂടി ഞാൻ ജോലി നോക്കുന്നുണ്ട്. പരാതിക്കാരായി എത്തിയിട്ടുള്ള ആരെയും ഒരിക്കലും വേദനിപ്പിച്ചിട്ടില്ല. സാമ്പത്തിക പ്രശ്നങ്ങൾ പോലുള്ള കേസുകളിൽ പോലീസിന് ഇടപെടാൻ പറ്റില്ല. അതുകൊണ്ട് അത്തരം കേസുകൾ കോടതിയിലേക്ക് അയക്കും.

? അങ്ങാടിക്കടവ് മേഖലയിൽനിന്ന് കൂടുതൽ സ്ത്രീകൾ പോലീസിലേക്ക് കടന്നു വരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്?

ഇനിയും ഒരുപാട് സ്ത്രീകൾ നമ്മുടെ നാട്ടിൽ നിന്ന് ഈ ഒരു മേഖലയിലേക്ക് കടന്നു വരണം. അതൊരിക്കലും ഒരു തൊഴിൽ ആയിട്ട് മാത്രം ഇതിനെ കണ്ടുകൊണ്ടാകരുത് മറിച്ച് യൂണിഫോമിനോടുള്ള ഇഷ്ടം, ഒരു പോലീസ് എന്ന നിലയിൽ നാട്ടുകാർക്ക് ചെയ്യാൻ പറ്റുന്ന സേവനങ്ങൾ എന്നിവയായിരിക്കണം പ്രധാന ലക്ഷ്യങ്ങൾ.

? ഈ വനിതാ ദിനത്തിൽ സമൂഹത്തിനോടും സ്ത്രീകളോടും പറയാനുള്ള സന്ദേശം എന്താണ്?

കേരളം പോലെ സാക്ഷരതയിൽ ഒന്നാമത് നിൽക്കുന്ന ഒരു സ്ഥലത്ത് പോലും സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ എന്നെ ഭയപ്പെടുത്തുന്നു. വീടുകളിലാണ് ഒരു സ്ത്രീ ഏറ്റവും സുരക്ഷിത എന്ന് അവകാശപ്പെടുമ്പോഴും അതല്ല എന്ന യാഥാർത്ഥ്യം ആദ്യം തിരിച്ചറിയണം. ശാരീരികവും ലൈംഗികവും മാനസികവും സാമ്പത്തികപരമായും എല്ലാ രീതിയിലും അവൾ ചൂഷണം ചെയ്യപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്.പിന്നെ സ്ത്രീകളോട് പറയാനുള്ളത്, അവർക്ക് നേരെ വരുന്ന നോട്ടം, സ്പർശനം ഇവയിലെ ശരി തെറ്റുകൾ തിരിച്ചറിയാനുള്ള വിവേകം സ്ത്രീകൾ കൈവിടാതിരിക്കുക. 'നോ' പറയേണ്ടിടത്ത് 'നോ' പറയാൻ പഠിക്കണം. നിയമസഹായം ആവശ്യമുള്ളപ്പോൾ അത് നേടുക, ഉത്തരവാദിത്തപ്പെട്ടവരെ അറിയിക്കുക.

# എന്ന് സ്വന്തം ലേഖിക

ഡെൽന ഡേവിസ്

വീട്ടുകാരുടെയും നാട്ടുകാരുടെയും കണക്കുക്കൂട്ടലുകൾ തിരുത്തി എഴുതിയ പെൺകുട്ടി. കണക്കിന്റെ ലോകത്തുനിന്നും ജേർണലിസത്തിന്റെ എഴുത്തുപുരയിലേക്ക് നടന്നു കയറിയ 'നമ്മുടെ സ്വന്തം ലേഖിക'. സായൂജ്യ സെബാസ്റ്റ്യൻ. അങ്ങാടി പത്രത്തിൽ സായൂജ്യക്ക് എന്താണ് കാര്യമെന്നാണെങ്കിൽ കാര്യമുണ്ട്. ചരൾ സ്വദേശിനിയായ സായൂജ്യ കണ്ണൂർ മലയാളമനോരമ ഓഫീസിലെ ഒരേയൊരു വനിത ലേഖികയാണ്.



സായൂജ്യ സെബാസ്റ്റ്യൻ

സെന്റ് സെബാസ്റ്റിൻ സ്കൂൾ ചരളിലും, സേക്രഡ് ഹാർട്ട് സ്കൂൾ അങ്ങാടിക്കടവിലുമായി സ്കൂൾ പഠനം പ്ലസ്ടു കൊമേഴ്സ് തെരഞ്ഞെടുക്കണമെന്നാഗ്രഹം. എന്നാൽ വിധി എത്തിച്ചത് രസതന്ത്രവും ഊർജ്ജതന്ത്രവും കണക്കുമെല്ലാം സമ്മേളിക്കുന്ന സയൻസ് ക്ലാസ്സ് മുറിയിലായിരുന്നു. ഡോൺ ബോസ്കോ കോളേജിൽ ബി. എസ്. സി. മാത്സിന് പഠിക്കുമ്പോഴാണ് സായൂജ്യ തന്നിലെ ജേർണലിസ്റ്റിനെ തിരിച്ചറിയുന്നത്. മനോരമയുടെ ക്യാമ്പസ് റിപ്പോർട്ടർ എന്ന പംക്തിയിൽ പേരും ഫോട്ടോയും സഹിതം സായൂജ്യ എഴുതിയ ലേഖനം പ്രസിദ്ധീകരിച്ചു. ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിന്നും മാധ്യമപഠനത്തിൽ ബിരുദാന്തരബിരുദം പൂർത്തിയാക്കി. പഠനശേഷം ആദ്യം 'ഫ്യൂച്ചർ കേരള' എന്ന ബിസിനസ് പത്രത്തിൽ സേവനമനുഷ്ഠിച്ചു. പിന്നീട് മലയാള മനോരമ ദിനപത്രത്തിലേക്ക്. കോട്ടയം, കൊല്ലം ബ്യൂറോകളിൽ പ്രവർത്തിച്ചു.

'ട്രെയിനിങ് കാലഘട്ടം ഏറെ ബുദ്ധിമുട്ട് ഉള്ളതായിരുന്നു. ഡെസ്കും ബ്യൂറോയും ഉള്ളതിനാൽ രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ നീളുന്ന ഡ്യൂട്ടിയായിരുന്നു. എന്നിരുന്നാലും ഏറെ അറിവ് നൽകുന്ന ഒരു ജോലിയാണ് ജേർണലിസം. കണ്ണൂർ ബ്യൂറോയിലെ ഏക ലേഖിക എന്നത് ബുദ്ധിമുട്ടായി തോന്നിയിട്ടില്ല. ഇന്ന് മലയാളമനോരമ തനിക്കൊരു രണ്ടാം വീട് പോലെയാണെന്നും.' സായൂജ്യ പങ്കുവയ്ക്കുന്നു.

# ഡോക്ടർ അമ്മ

നീതു തങ്കച്ചൻ

ആറ് മാസം പ്രായമുള്ള കുഞ്ഞിനെപോലും കൃത്യമായി പരിചരിക്കുവാൻ കഴിയാതെ പകൽ രാത്രി ഭേദമന്യേ ആശുപത്രിയിൽ ആയിരിക്കേണ്ട അവസ്ഥ. രോഗവ്യാപന സാധ്യത ഏറ്റവും കൂടുതൽ ഉള്ള മേഖല. വീട്ടിലെത്തിയാലും ക്വാറന്റയിനിൽ കഴിയുന്നവരുടെയും കുടുംബാംഗങ്ങളുടെയും വിശ്രമമില്ലാത്ത കോളുകൾ. കോവിഡ് കാലഘട്ടങ്ങളിൽ അക്ഷീണമായി പ്രവർത്തിച്ചിരുന്ന നമ്മുടെ ആരോഗ്യപ്രവർത്തകർക്കൊപ്പം ചേർത്തുവയ്ക്കാവുന്ന ഒരു ഡോക്ടർ നമുക്കൊപ്പമുണ്ട്. ഡോക്ടർ അനു രഞ്ജിത്ത്. അങ്ങാടിക്കടവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ (പി എച്ച് സി) മൂന്ന് ഡോക്ടർമാരിൽ ഒരാൾ.

'നിർബന്ധമായും കുഞ്ഞിനോടൊപ്പം ചിലവഴിക്കേണ്ട സമയം പോലും മാറ്റി വയ്ക്കേണ്ടതായി വന്നു. ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ തന്നെപ്പോലെ അധ്വാനിക്കുന്നവരുടെയും രോഗം കൊണ്ട് വലയുന്നവരുടെയും മുഖം ഓർത്തപ്പോൾ എന്റെ പ്രശ്നങ്ങൾ എല്ലാം നിസ്സാരമായി തോന്നി ' ഡോക്ടർ അനു പറയുന്നു.

കോവിഡിന് മുമ്പ് വൈകുന്നേരം 5 മണി വരെ മാത്രമേ പി എച്ച് സി യിൽ പ്രവർത്തിക്കേണ്ടിയിരുന്നുള്ളൂ. കോവിഡ് കാലഘട്ടത്തിൽ ദിനരാത്ര ഭേദമെന്യേ ജോലി ചെയ്യേണ്ടതായിവന്നു.

കോവിഡ് കാലത്തിൽ തന്നെ വളരെയധികം സ്വാധീനിച്ചത് ആരോഗ്യമന്ത്രി ശൈലജ ടീച്ചർ ആയിരുന്നു എന്ന് അനു പറയുന്നു. കേരളത്തിന്റെ ആരോഗ്യ മേഖലയെ ശക്തിപ്പെടുത്താനുള്ള ടീച്ചറുടെ പ്രവർത്തനങ്ങൾ സ്തുത്യർഹമായിരുന്നു. ടീച്ചറെ പോലെ തനിക്കും ഈ പോരാട്ടത്തിൽ പങ്കുചേരുവാൻ സാധിച്ചു എന്നതിൻറെ അഭിമാനത്തിലാണ് അനു.

കുടുംബത്തിലെ സാമ്പത്തികസ്ഥിതി വളരെ മോശമായിരുന്നിട്ടും ഒരു ഡോക്ടർ ആകണമെന്ന് അനു ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. പഠനത്തിൽ മിടുക്കിയായിരുന്ന അനു പല പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും തന്റെ ആഗ്രഹത്തിൽ നിന്ന് പിൻമാറിയില്ല. മാതാപിതാക്കളുടെ പ്രചോദനം അനുവിന്റെ ഡോക്ടർ എന്ന സ്വപ്നത്തെ സാക്ഷാത്കരിക്കുന്നതിന് കാരണമായി. തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്ന് എം. ബി.ബി. എസും, മൈസൂരിലെ ഗവണ്മെന്റ് മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിട്യൂട്ട് നിന്ന് എംഡിയും പൂർത്തിയാക്കി. ഇന്ന് അങ്ങാടിക്കടവ് പി എച്ച് സി യിൽ ഡോക്ടർ അനുവിൻറെ പ്രവർത്തനങ്ങൾ പകരം വയ്ക്കാനാവാത്തതാണ്. അനുവിന്റെ ഭർത്താവ് ഡോക്ടർ രഞ്ജിത്ത് ഉളിക്കൽ പി എച്ച് സി യിൽ സേവനം ചെയ്യുന്നു. മക്കൾ: നേതൻ, സേറ.



ഡോക്ടർ അനു രഞ്ജിത്ത്

# ഏഴ് സെന്റിലെ വിജയഗാഥ

ചെറുപുഷ്പം പാറക്കൽ

വെറും ഏഴ് സെന്റ് സ്ഥലം, ആടുകളും മുയലുകളും കോഴികളുമൊക്കെയായി ഒരു കൊച്ചു ലോകം. ഏഴ് സെന്റിൽ മൃഗപരിപാലനത്തിലൂടെ വിജയഗാഥ തീർത്ത കഥയാണ് അങ്ങാടിക്കടവ് സ്വദേശി തങ്കമ്മയുടേത് (തങ്കു ചേച്ചി). ജീവിതത്തിലെ ബുദ്ധിമുട്ടുകൾക്കും കഷ്ടപ്പാടുകൾക്കുമിടയിൽ ചെറിയൊരു ആശ്വാസമായി തുടങ്ങിയ സംരംഭം, ഇന്ന് വൻ വിജയമായി മാറിയിരിക്കുന്നു.

12-ാം വയസ്സിൽ ഒരു ആട്ടിൻ കുഞ്ഞിനെ വളർത്തിയാണ് തങ്കു ചേച്ചി മൃഗ പരിപാലനം ആരംഭിച്ചത്. ഇന്ന് അത് 11 ആടുകളായി മാറിയിരിക്കുന്നു. പാൽ വിതരണവും ആട്ടിൻ കുട്ടികളുടെ വിൽപ്പനയുമാണ് പ്രധാന വരുമാന മാർഗ്ഗം.

'പ്രായത്തിന്റെ ബുദ്ധിമുട്ടുകൾ ഇവയെ പരിപാലിക്കുമ്പോൾ ഒട്ടും തന്നെ അലട്ടുന്നില്ല ചുരുങ്ങിയ സ്ഥലത്ത്, വളരെ കൃത്യതയോടെ ഇവയെ പരിപാലിക്കുന്നതിന് വേണ്ടിയുള്ള സജ്ജീകരണങ്ങൾ ഒരുക്കുവാനായി എന്നത് ഒരു സവിശേഷതയായി മറ്റുള്ളവർ എപ്പോഴും പറയാറുണ്ട്.' തങ്കു ചേച്ചി പറഞ്ഞു.

കൊറോണ കാലത്താണ് മുയൽ പരിപാലനത്തിൽ ശ്രദ്ധതിരിയുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ മൂന്ന് മുയലുകളെ വാങ്ങി. ഇപ്പോൾ 19 മുയലുകളും 6 കുഞ്ഞുങ്ങളുമുണ്ട്. 35 എണ്ണം ഉണ്ടായിരുന്നതാണ്. കുറെ എണ്ണത്തെ വിറ്റു. മുയൽ കൃഷി വിജയമായിരുന്നുവെന്നും ഇവയുടെ പരിപാലനം വളരെ എളുപ്പമാണെന്നും തങ്കു ചേച്ചി അഭിപ്രായപ്പെട്ടു. ഭർത്താവും 2 മക്കളും അടങ്ങുന്ന കുടുംബമാണ് തങ്കമ്മയുടേത് . കുടുംബത്തിന്റെ പിന്തുണ കൂടുതൽ ആത്മവിശ്വാസം തരുന്നു. എപ്പോഴും ഭർത്താവ് എന്തു സഹായത്തിനും കൂടെയുണ്ട്.

'ചെറുപ്പത്തിൽ തുടങ്ങിയ ഒരു കൊച്ചു സംരംഭം ഇപ്പോഴും തുടരുന്നു. ആത്മാർത്ഥമായി അധ്വാനിച്ചാൽ തോൽപ്പിക്കാൻ ആർക്കും ആവില്ല. മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കാൻ കഴിയുമെന്ന് സ്ത്രീകൾ കാണിച്ച് കൊടുക്കണം. ആത്മവിശ്വാസവും ജയിക്കാനുള്ള മനസ്സുമുണ്ടെങ്കിൽ വിജയിക്കുക തന്നെ ചെയ്യും.' തങ്കു ചേച്ചി അഭിപ്രായപ്പെട്ടു.




LAP CARE
IT SOLUTIONS
Near Don Bosco College, Angadikadavu
Computer Servicing, Photostat, Online Registrations, Printing, Book Binding, Stationary Items, Fancy, Books & Pen, Gift Items, Files etc.
9745610955 9539109376


എഡിറ്റോറിയൽ ടീം- ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവീൺ പി. എഫ് |എഡിറ്റർ ഇൻ ചാർജ്: ക്രിസ്റ്റീൻ ലൂയീസ് | സബ് എഡിറ്റേഴ്സ്: നീതു തങ്കച്ചൻ, അഭിറാം കെ. കെ, അമേയ പി. വി., ജിഷ സുരേഷ്, ചെറുപുഷ്പം പാറക്കൽ, ഡെൽന ഡേവിസ്, തൊവിത്തോ |ഫോട്ടോഗ്രാഫേഴ്സ് : തൊവിത്തോ, അഭിറാം കെ. കെ | ഡിസൈൻ: പ്രവീൺ പി. എഫ്.